**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 671** **09-06-2021 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി കല്ലക്കയം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ തിരൂരങ്ങാടി കല്ലക്കയം കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദീകരിക്കുമോ; | (എ) | തിരൂരങ്ങാടി കുടിവെള്ള പദ്ധതിയിലെ കിണർ, പമ്പ്ഹൗസ് , 7 MLD ശേഷിയുള്ള ജല ശുദ്ധീകരണ ശാല, ട്രാൻസ്മിഷൻ മെയിനുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ടെൻഡർ ക്ഷണിച്ച് കരാർ നൽകിയിരുന്നു. കിണറും ജലശുദ്ധീകരണ ശാലയും ഭാഗികമായി പൂർത്തിയാക്കി. റോഡ് റെസ്റ്റോറേഷൻ തുക അടക്കാത്തതിനാൽ ട്രാൻസ്മിഷൻ മെയിനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയം നീട്ടി നൽകിയിട്ടും മറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കാ ത്തതിനാൽ പ്രസ്തുത കരാർ റദ്ദ് ചെയ്തു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ റോഡ് റെസ്റ്റോറേഷൻ തുക എത്രയായിരുന്നു; | (ബി) | രൂപ 237.38 ലക്ഷം |
| (സി) | പ്രസ്തുത കുടിവെള്ള പദ്ധതിക്കാവശ്യമായ തുക ജലവിഭവ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് സത്വരം അടച്ച് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (സി) | ഈ പ്രവൃത്തി ആരംഭിച്ച സമയത്ത് തിരൂരങ്ങാടി മുനിസിപ്പാലിറ്റി, ഗ്രാമ പഞ്ചായത്തായിരുന്നു. എന്നാൽ ഇത് 2016 ൽ മുനിസിപ്പാലിറ്റി ആയി മാറ്റുകയുണ്ടായി. 2021 മാർച്ചോടെ എൻ.ആർ.ഡി.ഡബ്ല്യൂ.പി. പദ്ധതിയിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ മേൽ പറഞ്ഞ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യമായിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ